**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5605** **24-03-2025 - ൽ മറുപടിയ്ക്ക്**

**അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി/ഫൈലേറിയ)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യവകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി/ഫൈലേറിയ) തസ്തികയിൽ 01/06/2025 ന് വരുന്ന ഒഴിവിൽ നിയമനം നൽകുന്നതിന് ജില്ലാ മലേറിയ ഓഫീസർ, ബയോളജിസ്റ്റ് എന്നിവയിൽ ഏത് വിഭാഗത്തിൽ നിന്നുള്ളവർക്കാണ് നിയമനം ലഭിക്കേണ്ടത് എന്നത് വിശദമാക്കുമോ; | (എ) | അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ/എന്റമോളജി) തസ്തികയുടെ നിയമനരീതി പ്രതിപാദിക്കുന്ന G.O.(Ms) No.27/2017/H&FWD Dated 18/02/2017 ഉത്തരവിൽ പരാമർശിക്കുന്ന റേഷ്യോ അനുസരിച്ച് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി സെലക്ട് ലിസ്റ്റ് ലഭിക്കുന്നതനുസരിച്ച് 01/06/2025 തീയതിയിൽ അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ/എന്റമോളജി) തസ്തികയിലുണ്ടാകുന്ന ഒഴിവിലേക്ക് നിയമനം നടത്തുന്നതാണ്. |
| (ബി) | 4/02/2025 ന് ചേർന്ന ഹയർ ഡി.പി.സി. യോഗത്തിൽ ഈ വർഷം ഉണ്ടാകുന്ന ഒഴിവുകളിലേക്ക് ആവശ്യമായ അത്രയും ജീവനക്കാരെ ഉൾപ്പെടുത്തി സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ; | (ബി) | ആരോഗ്യവകുപ്പിൽ 2025 വർഷം അസിസ്റ്റന്റ് ഡയറക്ടർ ഫൈലേറിയ/എന്റമോളജി തസ്തികയിൽ 01/03/2025-ൽ 1 ഒഴിവാണ് ഉണ്ടായിരുന്നത്. 04/02/2025 ന ചേർന്ന ഹയർ ഡി.പി.സി. ഈ ഒഴിവിലേക്ക് ശ്രീ.സജു തേർഡ് എന്നയാളെ സെലക്ട് ചെയ്തു. സെലക്ട് ലിസ്റ്റ് സർക്കാർ അംഗീകരിച്ചു. ശ്രീ.സജു തേർഡ് 31/05/2025-ൽ വിരമിക്കും. അദ്ദേഹം വിരമിക്കുന്ന ഒഴിവിൽ പ്രൊമോട്ട് ചെയ്യപ്പെടുവാൻ സാധ്യതയുള്ള സീനിയർ മോസ്റ്റ് ഉദ്യോഗസ്ഥന്റെ ട്രെയിനിങ് യോഗ്യത പരിശോധിച്ചു വരികയാണ്. അഡ്ഹോക് ഡി.പി.സി. ചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | 04/02/2025ന് ചേർന്ന ഹയർ ഡി.പി.സി. യോഗത്തിൽ ഏതൊക്കെ വിഭാഗത്തിൽ നിന്ന് ആരുടെയൊക്കെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് പരിഗണിച്ചിരുന്നു എന്നത് ഇനം തിരിച്ച് വിശദമാക്കുമോ; | (സി) | 04/02/2025 ന് ചേർന്ന ഹയർ ഡി.പി.സി. യോഗത്തിൽ സീനിയർ ബയോളജിസ്റ്റ് ശ്രീ. സജു തേർഡ്, ഡിസ്ട്രിക്ട് വെക്ടർ ബോൺ ഡിസീസസ് കൺട്രോൾ ഓഫീസർ (ഹയർ ഗ്രേഡ്) ശ്രീ. രാജശേഖരൻ വി., എന്നിവരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് പരിഗണിച്ചിരുന്നു. |
| (ഡി) | അസിസ്റ്റന്റ് ഡയറക്ടർ എന്റമോളജി/ഫൈലേറിയ നിയമനത്തിനായി നിലവിലുള്ള എക്സിക്യൂട്ടീവ് ഓർഡർ പരിഷ്കരിക്കുന്നതിനോ സ്പെഷ്യൽ റൂൾസ് കൊണ്ടുവരുന്നതിനോ സർക്കാർതലത്തിൽ | (ഡി) | അസിസ്റ്റന്റ് ഡയറക്ടർ ഫൈലേറിയ/എന്റമോളജി തസ്തികയിൽ സ്പെഷ്യൽ റൂൾസ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ |

| | | | |
|---|---|---|---|
| | എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ചുള്ള ഭേദഗതികൾ എന്തെല്ലാമാണെന്നും ആയതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്നും വിശദീകരിക്കുമോ? | | സമർപ്പിച്ചിട്ടുണ്ട്. ഇത് നിലവിൽ സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ